# ഐ.എസ്.ഐയുടെയും മുശർറഫിന്റെയും ചിറകരിയുമ്പോൾ

**നല്ല** കാരണങ്ങളെ ചൊല്ലിയായിരുന്നില്ല പാകിസ്താൻ ചാരസംഘടനയായ ഇന്റർ സർവീസ് ഇന്റലിജൻസിന്റെ പേര് ഇന്ത്യയിലെങ്ങും പരിചിതമായത്. അന്നാട്ടിലെ മിലിറ്ററി ഇന്റലിജൻസിന്റെ കാര്യത്തിലുമുണ്ട് നമുക്ക് മോശപ്പെട്ട അനുഭവങ്ങൾ. സ്വന്തം രാജ്യത്തെ മാത്രമല്ല അയൽരാജ്യമായ ഇന്ത്യയെയും തങ്ങളുടെ തന്നെ ഭാഗമായിരുന്ന ബംഗ്ലാദേശിനെയുമൊക്കെ മുൾമുനയിൽ നിർത്തുന്നതിൽ ചാരസംഘടന എന്ന നിലയിൽ പരിധിവിട്ട് പ്രവർത്തിച്ചവരാണ് ഐ.എസ്.ഐയും പാക് എം.ഐയുമൊക്കെ. പാകിസ്താന്റെ നിലവിലുള്ള ദുരവസ്ഥക്ക് കാരണമായ ഈ സംഘടനകളെ നിയന്ത്രിക്കുന്നതടക്കമുള്ള ഭരണഘടനാ പരിഷ്കാരങ്ങൾക്ക് അന്നാട്ടിൽ തുടക്കം കുറിക്കുകയാണ്. ഐ.എസ്.ഐയുടെയും മിലിറ്ററി ഇന്റലിജൻസിന്റെയും രാഷ്ട്രീയ വിഭാഗങ്ങളെ അവസാനിപ്പിക്കാനുള്ള തയാറെടുപ്പിലാണ് യൂസുഫ് റസാ ഗീലാനി സർക്കാർ. ഇതിനു മുന്നോടിയായി പാകിസ്താൻ സൈന്യത്തെ വിശ്വാസത്തിലെടുക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞതായും റിപ്പോർട്ടുണ്ട്. തങ്ങളുടെ പ്രവർത്തനങ്ങൾ ഇനിമുതൽ പാക് സർക്കാറിനു മുന്നിൽ വിശദീകരിക്കേണ്ട നിയമപരമായ ബാധ്യത ഐ.എസ്.ഐക്കുണ്ടാകും. ഇത്തരം വിഭാഗങ്ങളിലെ ഉയർന്ന തസ്തികകളിൽ ഗവൺമെന്റുമായി കൂടിയാലോചിച്ചല്ലാതെ നിയമനവും ഉണ്ടാവില്ല.

പ്രസിഡന്റ് പർവേസ് മുശർറഫിനെ അധികാരത്തിൽ നിന്ന് പുറത്താക്കുമെന്ന് ഏതാണ്ട് തീർച്ചയായി കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തെ ഇത്രയും കാലം താങ്ങിനിർത്തിയ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് അധികാരത്തിന്റെ അവസാന നാളുകളിലാണ്. തിന്മയുടെ അച്ചുതണ്ടിന്റെ മറ്റേ ധ്രുവത്തിലുണ്ടായിരുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയർ ചരിത്രത്തിലേക്ക് പിൻവാങ്ങിക്കഴിഞ്ഞു. ബുഷും ബ്ലെയറുമില്ലാത്ത കാലത്ത് അവരുടെ വെറുമൊരു കാലാൾ മാത്രമായിരുന്ന മുശർറഫിന് ഇനിയും പിടിച്ചുനിൽക്കാൻ കഴിയില്ലെന്നാണ് വ്യക്തമാവുന്നത്. 160 ദശലക്ഷം ജനങ്ങളെ അധികാരത്തിന്റെ മുഷ്കുപയോഗിച്ച് അടിച്ചമർത്തിയ മുശർറഫിനെ വിചാരണ നടത്തണമെന്നാണ് പാകിസ്താനിലെ പൊതുവികാരം. 'വിലക്കയറ്റവും ദുരിതങ്ങളും ജനങ്ങൾ സഹിക്കും, പക്ഷേ മുശർറഫിനെ ഒരു ദിവസം പോലും സഹിക്കാനാവില്ല' എന്ന് ആസിഫ് സർദാരിക്കു പോലും തുറന്നു പറയേണ്ടി വന്നു. പ്രസിഡന്റിന് മാന്യമായി പിരിഞ്ഞുപോകാനുള്ള അവസരം നൽകണമെന്ന് മുശർറഫിന്റെ മുഖ്യ എതിരാളിയായ നവാസ് ശരീഫിനോട് സുഊദി രാജാവ് ഉൾപ്പെടെയുള്ളവർ അഭ്യർഥിച്ചിട്ടുണ്ട്. രാജ്യദ്രോഹക്കുറ്റത്തിന് മുശർറഫിനെ വിചാരണ നടത്തണമെന്ന ശരീഫിന്റെ നിലപാടിനെ അമേരിക്കയും എതിർക്കുന്നുണ്ട്. ജനാധിപത്യം പുനഃസ്ഥാപിക്കാനുള്ള അവസാനത്തെ അവസരം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുമെന്ന പ്രതീതിയുണർത്താൻ ഈ നീക്കങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ജസ്റ്റിസുമാരെ പുനഃപ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് പാക് ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിഷേധ റാലിക്ക് ഒരുക്കങ്ങൾ നടന്നുവരുന്നു. ഇനിയും എതിർത്തുനിന്നാൽ പാർട്ടി ജനങ്ങളിൽ നിന്നും അകലുമെന്ന് സർദാരിക്കും ബോധ്യം വന്നിരിക്കുന്നു. മുശർറഫിൽ നിന്നും ചുമതലയേറ്റുവാങ്ങിയ പുതിയ സൈന്യാധിപൻ ജനറൽ അശ്റഫ് ഖയാനിയുടെ നിലപാടുകൾ പുതിയ പാക് സർക്കാറിന് സഹായകമാവുന്നതും കാണാനുണ്ട്. രാഷ്ട്രീയ മേഖലയിൽ നിന്ന് സൈന്യം പൂർണമായും വിട്ടുനിൽക്കണമെന്നാണ് തന്റെ നിലപാടെന്ന് ഖയാനി പലതവണ വ്യക്തമാക്കിയിട്ടുണ്ട്. സിവിലിയൻ ഓഫീസുകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൈനിക ഭരണകൂടം നിശ്ചയിച്ച 3000ത്തോളം പട്ടാള ഉദ്യോഗസ്ഥരെ തിരിച്ചു വിളിക്കുകയാണ് 2007 ഡിസംബറിൽ സ്ഥാനമേറ്റയുടൻ ഖയാനി പുറപ്പെടുവിച്ച ആദ്യത്തെ ഉത്തരവുകളിലൊന്ന്.

സാഹചര്യങ്ങൾ പക്ഷേ കൂടുതൽ കലങ്ങിമറിയുന്നതിന്റെ സൂചനകളും പാകിസ്താനിലുണ്ട്. ഖയാനിയെ സ്ഥാനത്തു നിന്നും നീക്കാൻ സർവസൈന്യാധിപൻ കൂടിയായ മുശർറഫ് ശ്രമിച്ചതായാണ് ഒടുവിലത്തെ വാർത്ത. മുശർറഫിനോടു കാണിച്ചു വന്ന മൃദുസമീപനം കൈവെടിഞ്ഞ് അദ്ദേഹത്തെ പുറത്താക്കാനുള്ള നീക്കങ്ങൾ സർക്കാർ സജീവമാക്കിയതിനു പിന്നിലും ഇതാണ് കാരണം. പാകിസ്താനിലെ പട്ടാള അട്ടിമറികൾക്ക് എക്കാലത്തും തുടക്കമിട്ട എലൈറ്റ് ട്രൂപ്പിന്റെ മേധാവിയായി മുശർറഫ് വാഴിച്ച അസീം ബാജ്വയെ അപ്രധാനമായ മറ്റൊരു തസ്തികയിലേക്ക് ഖയാനി സ്ഥലം മാറ്റിയിരുന്നു. പ്രസിഡന്റിന്റെ സുരക്ഷാ ചുമതല എലൈറ്റ് ട്രൂപ്പിൽ നിന്നും എടുത്തുകളയുകയും ചെയ്തു. ഒന്നുകിൽ പ്രസിഡന്റും സൈന്യവും; അല്ലെങ്കിൽ പ്രധാനമന്ത്രിയും ജനാധിപത്യവും. ഈ ബലപരീക്ഷണത്തിന്റെ അവസാന നാളുകളിലാണ് പാകിസ്താൻ. ഇസ്ലാമാബാദിലെയും റാവൽപിണ്ടിയിലെയും തെരുവുകൾ സൈന്യം ഏറ്റെടുത്തതായാണ് ഇതെഴുതുന്ന ദിവസത്തെ വാർത്ത. മുശർറഫും ഖയാനിയും തമ്മിൽ മെയ് 28-ന് നിർണായകമായ കൂടിക്കാഴ്ച നടത്തിയെന്നും രണ്ടിലൊരാളുടെ പോരാട്ടത്തിൽ ഖയാനി ആധിപത്യം നേടിയെന്നുമാണ് പാക് മാധ്യമങ്ങളിലുള്ളത്. ഈ കൂടിക്കാഴ്ചയുടെ പിറ്റേ ദിവസം മുതൽ പ്രസിഡന്റ് തത്വത്തിൽ വീട്ടുതടങ്കലിൽ ആയെന്നു പോലും സ്ഥിരീകരിക്കാത്ത ചില റിപ്പോർട്ടുകളുണ്ട്. കഴിഞ്ഞ പത്തു വർഷത്തോളം മുശർറഫിന്റെ വാസസ്ഥലമായിരുന്ന ആർമി ഹൗസിൽ നിന്നും താമസമൊഴിഞ്ഞ് പ്രസിഡന്റിന്റെ കൊട്ടാരത്തിലേക്കു പോകാൻ ഖയാനി ആവശ്യപ്പെട്ടതായും അഭ്യൂഹമുണ്ട്. പക്ഷേ ആർമി ഹൗസിൽ നിന്നും ഇറങ്ങിയാൽ പ്രസിഡന്റിന്റെ കൊട്ടാരത്തിലേക്ക് എത്താനാവുമോ എന്ന ആശങ്കയിലാണ് മുശർറഫ്. അദ്ദേഹം രാജിക്കൊരുങ്ങുകയാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനം ഇതാണ്. പാകിസ്താൻ വിട്ട് അദ്ദേഹം തുർക്കിയിലേക്ക് നാടുവിടാൻ ഒരുങ്ങുകയാണെന്നു പോലും കിംവദന്തിയുണ്ട്.

മാറ്റങ്ങളുടെ മഹാപ്രളയമാണ് പാകിസ്താനിൽ കാത്തു നിൽക്കുന്നത്. അതിർത്തിക്കിപ്പുറം കടന്ന് വിമതരെ ആക്രമിക്കരുതെന്ന് അമേരിക്കക്ക് റസാ ഗീലാനി സർക്കാർ താക്കീത് നൽകിയിരിക്കുന്നു. പാകിസ്താൻെറ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടില്ലെന്ന് അമേരിക്കയും വ്യക്തമാക്കിയിരിക്കുന്നു. രാജ്യത്തെ ഏതാണ്ടെല്ലാ പ്രമുഖ തീവ്രവാദി നേതാക്കളെയും റസാ ഗീലാനി ജയിലിൽ നിന്ന് വിട്ടയച്ചു. ഇന്ത്യയെ സംബന്ധിച്ചേടത്തോളം ആശങ്കയുളവാക്കുന്ന കാര്യമാണിത്. തീവ്രവാദികൾ പാകിസ്താനിൽ വീണ്ടും പിടിമുറുക്കുമ്പോൾ കശ്മീരിന്റെ ഭാവി പഴയമട്ടിൽ ചോദ്യചിഹ്നമായി മാറുകയാണ്. അമേരിക്കയുടെ നിലപാടിലും മാറ്റങ്ങൾ വരുന്നതിന്റെ സൂചനയുണ്ട്. നീണ്ട 60 വർഷക്കാലം കോടിക്കണക്കിന് ഡോളർ വാരിയെറിഞ്ഞിട്ടും പാകിസ്താനിലെ ജനവികാരം തങ്ങൾക്ക് അനുകൂലമാക്കാൻ ഇന്നും അമേരിക്കക്ക് കഴിഞ്ഞിട്ടില്ല. ഒബാമയാണ് അടുത്ത പ്രസിഡന്റാവുന്നതെങ്കിൽ അഫ്ഗാനിലെയും ഇറാഖിലെയും പരാജയങ്ങളുടെ വെളിച്ചത്തിൽ വാഷിംഗ്ടൺ പുതിയ രാഷ്ട്രീയ തീരുമാനങ്ങൾ എടുത്തുകൂടെന്നുമില്ല. രാഷ്ട്രീയത്തിൽ നിന്ന് ഐ.എസ്.ഐ മേധാവികൾ ബഹിഷ്കൃതരാവുക കൂടി ചെയ്യുമ്പോൾ മേഖലയുടെ ഭാവി ഇന്ത്യയിലെയും പാകിസ്താനിലെയും സർക്കാറുകളുടേത് മാത്രമായാണ് ചുരുങ്ങാൻ പോകുന്നത്. അതിൽ ഗുണവുമുണ്ട്, ദോഷവുമുണ്ട്. ബി.ജെ.പി ഇടക്കിടെ ഇന്ത്യ ഭരിക്കാനുള്ള സാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.■